# ബഹു.മുഖ്യമന്ത്രിയുടെ കോവിഡ് 19 പ്രതിദിന വാർത്താ സമ്മേളനത്തിന്റെ മിനിറ്റ്സ്

**2020 ഏപ്രിൽ 13, വൈകുന്നേരം 4.00 മണി**

കോൺഫറൻസ് ഹാൾ

യോഗത്തിൽ പങ്കെടുത്തവരുടെ പേര് അനുബന്ധം 1 ആയി ചേർക്കുന്നു.

## ബഹു. ആരോഗ്യവകുപ്പ് മന്ത്രി

കേരളത്തിൽ ഇന്ന് 3 കേസ്സുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇതിൽ കണ്ണൂർ ജില്ലയിൽ നിന്ന് രണ്ടുപേർക്കും, പാലക്കാട് ജില്ലയിൽ നിന്ന് ഒരാൾക്കുമാണ് രോഗം സ്ഥിരീകരിച്ചത് എന്ന് ബഹുമാനപ്പെട്ട മന്ത്രി അറിയിച്ചു. കേരളത്തിൽ ഇന്ന് 19 പേരുടെ പരിശോധനാഫലം നെഗറ്റീവ് ആയിട്ടുണ്ട്. കാസർഗോഡ് ജില്ലയിൽ നിന്നും 12 പേരുടേയും, പത്തനംതിട്ട, തൃശ്ശൂർ ജില്ലകളിൽ നിന്നും മൂന്നുപേരുടെ വീതവും, കണ്ണൂർ ജില്ലയിൽ നിന്ന് ഒരാളുടെയും പരിശോധനാഫലമാണ് നെഗറ്റീവ് ആയത്. രോഗം സ്ഥിരീകരിച്ച 178 പേർ നിലവിൽ ആശുപത്രികളിൽ ചികിത്സയിലാണ്. ഇന്ന് 213 രാജ്യങ്ങളിൽ കോവിഡ് കേസ്സുകൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. ഇന്ന് കേരളത്തിലാകമാനം 112183 പേർ നിരീക്ഷണത്തിലാണ്. ഇതിൽ 111468 പേർ വീടുകളിലും 215 പേർ ആശുപത്രികളിലുമാണ്. ഇതുവരെ 15683 സാമ്പിളുകൾ പരിശോധിച്ചതിൽ 14829 സാമ്പിളുകൾ നെഗറ്റീവ് ആണ്. അതിനുശേഷം പ്രിൻസിപ്പൽ സെക്രട്ടറിയോട് പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ പറയാൻ ആവശ്യപ്പെട്ടു.

## പ്രിൻസിപ്പൽ സെക്രട്ടറി (ആരോഗ്യം)

ലോകത്താകമാനം 16,99,595 കേസുകളും, 1,06,138 മരണവും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇന്ത്യയിൽ 9152 കേസ്സുകളും, 308 മരണവുമാണ് റിപ്പോർട്ട് ചെയ്തിട്ടുള്ളത്. ഇന്ത്യയിൽ ഇന്ന് 796 പുതിയ കേസ്സുകളും, 35 മരണവുമാണ് റിപ്പോർട്ട് ചെയ്തിട്ടുള്ളത്. നിരീക്ഷണത്തിലുള്ളവരുടെ ജില്ലതിരിച്ചുള്ള കണക്കും, വീടുകളിലും, ആശുപത്രിയിലും നിരീക്ഷണത്തിലുള്ളവരുടെ ജില്ലതിരിച്ചുള്ള വിശദാംശങ്ങളും അദ്ദേഹം യോഗത്തെ അറിയിച്ചു. ടെസ്റ്റിങ്ങ് സെന്ററുകളുടെ ജില്ലതിരിച്ചുള്ള വിഭജനവും, ലാബുകളിൽ നിലവിലെ സംവിധാനത്തിൽ ചെയ്യാൻ കഴിയുന്ന ടെസ്റ്റുകളുടെ കണക്കും അറിയിച്ചു. രോഗം സ്ഥിരീകരിച്ച് ആശുപത്രിയിൽ ചികിത്സയിൽ കഴിയുന്നവരുടെ ജില്ല തിരിച്ചുള്ള വിവരണവും അവരുടെ ആരോഗ്യ നിലയെക്കുറിച്ചുള്ള വിവരങ്ങളും വിശദീകരിച്ചു. പഞ്ചായത്ത് തിരിച്ചുള്ള രോഗം സ്ഥിരീകരിച്ചവരുടെ ഹീറ്റ് മാപ്പും വിശദീകരിച്ചു. ഇപ്പോഴത്തെ ടെസ്റ്റിംഗിനെക്കുറിച്ചുള്ള വിവരണവും, മെഡിക്കൽ ഉപകരണങ്ങളെക്കുറിച്ചുള്ള വിവരണവും നടത്തി. കേരളത്തിൽ പുതുതായി സ്വകാര്യമേഖലയിൽ ആരംഭിച്ച ലാബുകളുടെ വിവരങ്ങളും അറിയിച്ചു. കേരളത്തിൽ 376 പേർക്കായിരുന്നു നാളിതു വരെ രോഗം സ്ഥിരീകരിച്ചത്. ഇതിൽ 77 ശതമാനം പേർ (289) പുരുഷൻമാരും 23 ശതമാനം (87) സ്ത്രീകളും

ആയിരുന്നു. പുരുഷൻമാരുടെ ശരാശരി പ്രായം 37.2 ഉം സ്ത്രീകളിൽ ഇത് 36.8 ഉം ആയിരുന്നു. 60 വയസിന് മുകളിൽ പ്രായമുള്ളവർ 9 ശതമാനം (34) ഇവരിൽ 22 പേർ പുരുഷൻമാരും 12 സ്ത്രീകളുമായിരുന്നു. 80 വയസ്സിന് മുകളിൽ പ്രായമുള്ളവർ 2 ശതമാനം (8) ഇതിൽ 4 പുരുഷൻമാരും 4 സ്ത്രീകളുമായിരുന്നു. 256 പേർ പുറത്തു നിന്നു വന്നവരും 109 പേർക്ക് സമ്പർക്കമൂലം രോഗം വന്നവരും 8 പേർ വിദേശികളുമായിരുന്നു.

## ചീഫ് സെക്രട്ടറി

ആന്റിബോഡി ടെസ്റ്റ് കിറ്റുകൾ 2 കമ്പനികളിലായി 1,99,990 ഓർഡർ നൽകിയിരുന്നു. ചൈനീസ് സർക്കാരിന്റെ അനുമതി ലഭിക്കാത്തതിനാൽ അവിടെ നിന്നും കിറ്റുകൾ പുറപ്പെട്ടിട്ടില്ല എന്നാണ് അറിയാൻ സാധിച്ചത്. ആർ എൻ എ എക്സ്ട്രാഷൻ കിറ്റുകൾ സ്റ്റോക്ക് ലഭ്യമായിട്ടുണ്ട്. ഇപ്പോഴത്തെ നിലയിൽ 6 ദിവസത്തേക്ക് കൂടി ഉപയോഗിക്കുന്നതിനുള്ള സ്റ്റോക്ക് ഉണ്ട്. ഏപ്രിൽ 15-ാം തീയതി 10,000 കിറ്റുകൾ കൂടി എത്തും. നിസാമുദ്ദീനിൽ നിന്നും തിരിച്ചെത്തിയ 217 പേരെ വിവിധ ജില്ലകളിലായി കണ്ടെത്തിയിരുന്നു. ഇവരിൽ 214 പേരുടെ സാമ്പിളുകൾ പരിശോധനയ്ക്കായി അയച്ചിരുന്നു. ഇതിൽ 20 പേരുടെ പരിശോധനാഫലം പോസിറ്റീവ് ആകുകയും, 179 പേരുടെ പരിശോധനാഫലം നെഗറ്റീവ് ആകുകയും ചെയ്തു. 15 പേരുടെ പരിശോധനാഫലം കൂടി ലഭിക്കുവാനുണ്ട്. 2173 ചരക്കു വാഹനങ്ങൾ എത്തിയിരുന്നു. ഇതിൽ 219 എണ്ണം അരിയുമായും, 106 എണ്ണം ഉള്ളിയുമായും, 283 എണ്ണം പഴവർഗ്ഗങ്ങളുമായും, 716 എണ്ണം പച്ചക്കറിയുമായിയാണ് എത്തിയത്. ഭക്ഷ്യധാന്യങ്ങളുടെ കാര്യത്തിൽ ആശങ്കപ്പെടേണ്ടതില്ല. പൊതുമരാമത്ത് വകുപ്പ് 2,07,302 മുറികൾ കണ്ടെത്തിയിട്ടുണ്ട് ഇതിൽ 1.24 ലക്ഷം മുറികൾ ഉടനെ താമസയോഗ്യമായവയാണ്. അടിസ്ഥാന സൗകര്യങ്ങളുടെ നിലവിലുള്ള അവസ്ഥയും പരിശോധിച്ചിരുന്നു. 9.93 ലക്ഷം കിടക്കകൾ സർക്കാർ ആശുപത്രികൾ, സ്വകാര്യ ആശുപത്രികൾ, ഹോസ്റ്റലുകൾ, ഹോട്ടലുകൾ, റിസോർട്ടുകൾ എന്നിവിടങ്ങളിലായി കണ്ടെത്തിയിട്ടുണ്ട്. ആന്റിബോഡി ടെസ്റ്റിന്റെ കാര്യം ഒഴിച്ചാൽ ബാക്കി മെഡിക്കൽ അനുബന്ധ ഉപകരണങ്ങളുടെയും ഭക്ഷ്യവസ്തുക്കളുടെയും കാര്യത്തിൽ ആശങ്കപെടേണ്ട എന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്.

## വിദഗ്ദ്ധ സമിതി ചെയർ പേഴ്സൺ

വിദഗ്ദ്ധ സമിതി ആശുപത്രികളിൽ വരുന്ന മറ്റ് രോഗികളെ മൂന്നായി തരംതിരിച്ച് ഒരു പട്ടിക തയ്യാറാക്കിയിട്ടുണ്ട്. അത്യാഹിതരോഗികൾ, അർദ്ധ-അത്യാഹിത രോഗികൾ, വേണ്ടി വന്നാൽ മാറ്റി വയ്ക്കാൻ കഴിയുന്ന രോഗികൾ എന്നിങ്ങനെയാണ്. ഇത് ആരോഗ്യവകുപ്പ് സെക്രട്ടറിയ്ക്ക് കൊടുത്തിട്ടുണ്ട്. ഓരോ ആശുപത്രികളും ഇങ്ങനെ രോഗികളെ തരം തിരിച്ച് ചികിത്സിക്കുവാൻ തയ്യാറാകേണ്ടതാണ്. പൊതുജനാരോഗ്യ പ്രവർത്തനങ്ങൾ കൂടി ഊർജ്ജിതപ്പെടുത്തേണ്ടതുണ്ട്. മഴക്കാലപൂർവ ശുചീകരണ പ്രവർത്തനങ്ങൾ ശക്തമാക്കേണ്ടതുണ്ട്. ഇമ്മ്യൂണൈസേഷൻ ആശുപത്രികളിൽ വച്ച് കൊടുക്കാൻ പറ്റില്ല എന്നുള്ളതാണ് ഇപ്പോഴത്തെ സാഹചര്യത്തിൽ ഉള്ള ഒരു പരിമിതി. അതുകൊണ്ട് സബ് സെന്ററുകളിൽ വച്ചോ, ഐസിഡിഎസ് കേന്ദ്രങ്ങളിൽ വച്ചോ കൊടുക്കാൻ സാധിക്കുന്നതാണ്. ഇമ്മ്യൂണൈസേഷൻ ആവശ്യമുള്ള എല്ലാ രോഗികളുടെയും

ഫോൺ നമ്പറുകൾ ഹെൽത്ത് ഇൻസ്പെക്ടർമാരുടെ കൈകളിൽ ഉള്ളതാണ്. അതുകൊണ്ട് ഇവരെ നേരിട്ട് ബന്ധപ്പെട്ട് ക്രമീകരണങ്ങൾ നടത്തി തിരക്കൊഴിവാക്കി ഇമ്മ്യൂണൈസേഷൻ നടത്താവുന്നതാണ്. ഇതുപോലെ തന്നെ ഗർഭിണികളുടെ പരിരക്ഷയും നടത്താവുന്നതാണ്. അതിനാൽ ചികിത്സയുടെ കാര്യങ്ങളും പൊതുജനാരോഗ്യ പ്രവർത്തനങ്ങളും പുനരാരംഭിക്കുന്നതിനുള്ള ശ്രമം തുടരേണ്ടതാണ്. കോവിഡ് നിയന്ത്രണത്തിന്റെ കാര്യത്തിൽ കേരളം സാർവ്വദേശീയമായി ശ്രദ്ധ നേടിയിട്ടുണ്ട്. അതിനാൽ ഗവേഷണത്തിന്റെ കാര്യത്തിൽ നമ്മൾ ശ്രദ്ധ കേന്ദ്രീകരിക്കേണ്ടതുണ്ട്. കൺവാലസെന്റ് സിറം ഉപയോഗിച്ച് പഠനം നടത്തുന്നതിനുള്ള അനുമതി ലഭിച്ചിരുന്നു. ഇതിനായി ശ്രീചിത്രയുമായി യോജിച്ച് പ്രവർത്തിക്കുന്നതാവും ഉചിതം. കൂടാതെ ഐസിഎംആർ പല സംസ്ഥാനങ്ങളും ചേർന്നുള്ള ഒരു പഠനത്തിന്റെ നിർദ്ദേശം അവതരിപ്പിക്കുകയുണ്ടായി. അതിൽ കേരളവും ചേരേണ്ടതാണ്. ശ്രീചിത്രയുടെ ആവശ്യം കോവിഡ് ചികിത്സിച്ച ഡോക്ടർമാരുടെ സഹായമാണ്. അതിനാൽ ഇങ്ങനെയുള്ള ഒരു ഡോക്ടറെ ഇതിന്റെ നോഡൽ ഓഫീസറായി നിയമിച്ച് ശ്രീചിത്രയുമായി ചേർന്ന് ഒരു സംയുക്തസംരഭമായി മുന്നോട്ട് പോകുന്നതാവും ഉചിതം. കൂടാതെ മരുന്നുകളുടെ പരീക്ഷണമാണ് മറ്റൊരു പഠനം. ഇതിനുള്ള അനുമതി കേരളത്തിന് ലഭിച്ചിട്ടുള്ളതുമാണ്. ലോകാരോഗ്യസംഘടനയുടെ സോളിഡാരിറ്റി ട്രയൽ ആണ് ഒന്ന്. ഇതിൽ 4 മരുന്നുകളാണ് പരീക്ഷിക്കുന്നത്. കൂടാതെ ക്യൂബയുടെ ഇന്റഫെറോൺ ആൽഫ ആണ് രണ്ടാമതായുള്ളത്. ഈ രണ്ട് പഠനങ്ങളും കോളേജ് ഓഫ് ഫാർമസ്യൂട്ടിക്കൽസിലെ വിദഗ്ദ്ധരെ ഏൽപ്പിക്കുന്നതാവും ഉചിതം. മൂന്നാമതായി ജീനോമിക്ക് സീക്വൻസിംഗാണ്. ഇത് വൈറസിന്റെ ജനിതക ഘടന കണ്ടെത്തുന്നതിനുള്ളതാണ്. രാജീവ് ഗാന്ധി സെന്റർ ഇതിനായുള്ള ശ്രമങ്ങൾ നടത്തുന്നുണ്ട്. കൂടാതെ ഡൽഹിയിലുള്ള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ജീനോമിക്ക് ആൻഡ് സിസ്റ്റം ബയോളജിയിൽ ശാസ്ത്രജ്ഞൻ വിനോദ് സക്കറിയ കേരളത്തിൽ നിന്ന് സാമ്പിളുകൾ നൽകിയിൽ ജനിതക ഘടനയുടെ സീക്വൻസിംഗ് നടത്താമെന്ന് അറിയിച്ചിട്ടുണ്ട്. കൂടാതെ സ്റ്റാർട്ട് അപ്പ് മെഷീൻ എൻ 95 മാസ്ക്ക് നിർമ്മിച്ചിട്ടുണ്ട്. ഇതിന് ഐസിഎംആറിന്റെ അനുമതി ലഭിക്കേണ്ടതുണ്ട്. ഇത് ലഭിക്കുന്നതിനായി ആരോഗ്യവകുപ്പ് പ്രിൻസിപ്പിൾ സെക്രട്ടറി വഴിയോ വ്യവസായ വകുപ്പ് പ്രിൻസിപ്പിൾ സെക്രട്ടറി വഴിയോ ഐസിഎംആറിനെ സമീപിക്കണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. സ്റ്റെപ്പ് ഡൗൺ വെന്റിലേറ്ററുകളുടെ സ്പെസിഫിക്കേഷൻ വാണിജ്യവകുപ്പ് സെക്രട്ടറിച്ച് അയച്ച് കൊടുത്തിട്ടുണ്ട്.

## സംസ്ഥാന പോലീസ് മേധാവി

ദന്ത ഡോക്ടർമാർ അവരുടെ ക്ലിനിക്കുകൾ തുറക്കുന്നതിനെ കുറിച്ച് ചില സംശയങ്ങൾ ചോദിച്ചിട്ടുണ്ട്.

ദന്ത ഡോക്ടർമാരുടെ കാര്യം പരിശോധിച്ചിരുന്നു. ഇവർക്കാണ് രോഗം പകരുന്നതിന് കൂടുതൽ സാധ്യതയുള്ളത്. ഇത് സംബന്ധിച്ച് ഡെന്റൽ കൗൺസിൽ ആദ്യഘട്ടത്തിൽ ഒരു പ്രോട്ടോക്കോൾ തയ്യാറാക്കിയിരുന്നു. എന്നാൽ ഇപ്പോൾ രോഗം നിയന്ത്രണവിധേയമായ സാഹചര്യത്തിൽ ഈ പ്രോട്ടോക്കോൾ പുനപരിശോധിക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട് എന്ന് വിദഗ്ദ്ധസമിതി ചെയർപേഴ്സൺ അറിയിച്ചു.